പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2468 12.06. 2018 ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി.യുടെ ചെലവ് കുറയ്ക്കുന്നതിനായി നിർദ്ദേശം

ചോദ്യം

ശ്രീ.എം.ഉമ്മർ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നടപ്പിലാക്കിയിട്ടുള്ള കമ്പ്യൂട്ടർവത്ക്കരണത്തിന്റെയും നൂതന സാങ്കേതികവിദ്യയുടെയും ഫലമായി നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ചെലവും കുറയ്ക്കുന്നതിനായി ബോർഡിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിർദ്ദേശം നൽകിയിരുന്നോ; വിശദമാക്കാമോ; | (എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ, 17.04.2017-ലെ താരിഫ് പരിഷ്കരണ ഉത്തരവിൽ, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിലനിൽപ്പിനും, സാമ്പത്തിക ഭദ്രതയ്ക്കും ആവശ്യമായ രീതിയിൽ മാനവ വിഭവശേഷി കാര്യക്ഷമമായി വിനിയോഗിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. പുറമെ, കോഴിക്കോട് ഐ.ഐ.എം-ന്റെ ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കാനും നിർദ്ദേശിച്ചിരിക്കുന്നു.2008-09-ൽ നിലവിലുണ്ടായിരുന്ന 27,175 ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങൾ മാത്രമേ, കമ്മീഷൻ ARR&ERC-ൽ 2008-09-ലും തുടർന്നുള്ള വർഷങ്ങളിലും അനുവദിച്ചിരുന്നുള്ളൂ. കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ശമ്പള ചെലവ് കുറയ്ക്കുന്നതിനുള്ള നിർദ്ദേശവും കമ്മീഷൻ നൽകിയിരുന്നു. |
| (ബി) ഇത് സംബന്ധിച്ച് ഐ.ഐ.എം. കോഴിക്കോടിനെ സാധ്യതാ പഠനത്തിനായി നിയോഗിച്ചിരുന്നോ; ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനം റിപ്പോർട്ട് നൽകിയിരുന്നോയെന്ന് വിശദമാക്കാമോ; | (ബി) കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരുടെ വിനിയോഗവും പുനഃക്രമീകരണവും സംബന്ധിച്ച് പഠനം നടത്തുവാൻ, കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ നിയോഗിച്ചിരുന്നു. പ്രസ്തുത സ്ഥാപനം, സാധ്യതാ പഠനം നടത്തി 2015-ൽ ആദ്യ റിപ്പോർട്ടും, 2017-ൽ തുടർ റിപ്പോർട്ടും സമർപ്പിക്കുകയുണ്ടായി. |
| (സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പഠിക്കുന്നതിനായി രൂപീകരിച്ച ഉന്നതതല കമ്മിറ്റി നടപ്പിലാക്കേണ്ട വിഷയങ്ങൾ തീരുമാനിക്കുകയും, അതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കൃത്യമായ ശുപാർശകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിനായി ഒരു സബ്കമ്മിറ്റിയെ **03.02.2018-ൽ** ചുമതലപ്പെടുത്തുകയും ഉണ്ടായി. സബ്കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചതിനു ശേഷം, വിവിധ സംഘടനകളുമായി ബോർഡ് തലത്തിൽ ചർച്ച ചെയ്ത് , വേണ്ട തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ